
# മന്ത് (Filariasis)



### പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ?

- മന്ത് പനി
- ലസികാഗ്രന്ഥി (Lymph Gland) വീക്കം
- തലവേദന
- ഛർദ്ദി
- കുളിര്
- വിറയൽ



### പ്രതിരോധ മാർഗ്ഗങ്ങൾ എന്തെല്ലാം ?

- മന്തുവിരകളുടെ കുഞ്ഞുങ്ങളായ മൈക്രോഫൈലേറിയയെ രക്തത്തിൽ വഹിക്കുന്ന, എന്നാൽ പ്രത്യക്ഷത്തിൽ രോഗലക്ഷണങ്ങൾ കാണിക്കാത്ത വാഹകരാണ് മന്ത് രോഗ പകർച്ചയ്ക്ക് കാരണം. മൈക്രോഫൈലേറിയ വാഹകരെ ഇല്ലാതാക്കി മന്ത് രോഗപകർച്ച തടയാം.
- ഇതിനായി മന്ത് രോഗത്തിനെതിരെ വളരെ ഫലപ്രദമായ ഡി.ഇ.സി. ആൽബന്റസോൾ ഗുളികകൾ വർഷത്തിലൊരിക്കൽ നൽകുന്ന MDA പരുപാടി നടപ്പിലാക്കി വരുന്നു.

- മന്ത് രോഗികൾ രോഗം പകർത്തുന്നില്ല. ക്യൂലക്സ്, അനോഫിലസ്, മാൻസോണിയ, ഈഡിസ് എന്നീ വിഭാഗത്തിൽപ്പെട്ട കൊതുകുകൾ ബാങ്ക്രോഫ്റ്റിയൻ മന്തും ഈഡിസ്, മാൻസോണിയ എന്നീ കൊതുകുകൾ ബ്രൂഗിയ മന്തും പകർത്തുന്നു.

- 5 മുതൽ 10 വർഷം വരെ തുടർച്ചയായി വർഷത്തിൽ 80 ശതമാനത്തിലധികം ജനങ്ങൾ ഗുളിക കഴിച്ചാൽ മാത്രമേ നമ്മുടെ രാജ്യത്തെ മന്തുരോഗ വിമുക്തമാക്കുവാൻ സാധിക്കൂ.